ഉത്തരം

(എ, ബി, സി, ഡി, ഇ) സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസനത്തിന് വേണ്ടി കേന്ദ്രസർക്കാർ ട്രാവൽ സർക്യൂട്ട് പദ്ധതിയിൽ ഉള്ള വർക്കല, കൊല്ലം, കുമരകം, ആലപ്പുഴ, കോട്ടയം എന്നീ കേന്ദ്രങ്ങളെ കേന്ദ്രസർക്കാരിന്റെ ഇന്റഗ്രേറ്റഡ് ഡവലപ്പുമെന്റ് ഓഫ് സ്മാരം ആൻറ് മീഡിയം ഓൺസ് (ഐ. ഡി. എസ്. എം. ടി.) എന്ന സ്കീമിൽപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ തയ്യാറായിവരുന്നതേയുള്ളു.

സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി

38. [1819] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ കൂടുതലായി എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ നിരവധി നടപടികളും നിയമ നിർമ്മാണങ്ങളും നടത്തിയിട്ടുണ്ട്. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള ഒരു നിയമമാണ് ''1976-ലെ തുല്യ വേതന നിയമം''. ഈ നിയമ പ്രകാരം പുരുഷൻമാരോടൊപ്പം സ്ത്രീകൾക്കും തുല്യ ജോലിക്ക് തുല്യ വേതനം നൽകുന്നതിനും അതുവഴി സ്ത്രീ തൊഴിലാളികളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനും വ്യവസ്ഥയുണ്ട്.

''1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമ''ത്തിലും സ്ത്രീകളുടെ ക്ഷേമത്തിന് വ്യവസ്ഥകളുണ്ട്. ടി നിയമത്തിന്റെ 20-ാം വകുപ്പ് പ്രകാരം സ്ത്രീ തൊഴിലാളികളെ രാവിലെ 6 മണിക്കു മുമ്പും വൈകിട്ട് 7 മണിക്കുശേഷവും തൊഴിലിൽ ഏർപ്പെടുത്തുന്നതിൽ നിന്നും വിലക്കിയിരിക്കുന്നു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 13 (എ) പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സ്ത്രീ തൊഴിലാളിക്ക് 14 ദിവസത്തെ ശമ്പളത്തോടുകൂടിയ അവധിക്ക് അർഹതയുണ്ട്. ടി നിയമത്തിന്റെ വകുപ്പ് 6 (എ) പ്രകാരം സ്ത്രീ തൊഴിലാളികളെക്കൊണ്ട് പരസഹായം കൂടാതെ 30 കിലോ ഗ്രാമിൽ കൂടിയ ഭാരം എടുപ്പിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിച്ചിട്ടുണ്ട്.

സ്ത്രീക്ഷേമത്തിന് മാത്രമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ശ്രദ്ധേയമായ മറെറാരു നിയമമാണ് ''1961-ലെ പ്രസവാനുകൂല്യ നിയമം''. ഈ നിയമപ്രകാരം സ്ത്രീ തൊഴിലാളികൾക്ക് 3 മാസത്തെ ശമ്പളത്തോടു കൂടിയ അവധിക്കും അതിനോടനുബന്ധിച്ചുള്ള ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ഫാക്ടറികൾ, തോട്ടങ്ങൾ തുടങ്ങി മിക്ക തൊഴിൽ മേഖലയിലും ഈ നിയമം ബാധകമാക്കിയിട്ടുണ്ട്. ''1951 ലെ പ്ലാന്റേഷൻ ലേബർ ആക്ട്'' ''1964-ലെ കേരള പ്രസവാനുകൂല്യ ചട്ടങ്ങൾ'' ''1968-ലെ കേരള ബീഡി ആൻറ് സിഗാർ വർക്കേഴ്സ (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെൻറ്) ചട്ടങ്ങൾ'' ''1974-ലെ കേരള

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ട് ലേബർ (റഗുലേഷൻ ആൻഡ് അബോളിഷൻ) റൂൾസ്'' 1974-ലെ കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ആക്ട്'' എന്നിവയിലും സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിന് നിരവധി വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ നിയമങ്ങളിലെ സ്ത്രീ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായുള്ള വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ നിയമിച്ചിട്ടുള്ള ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പരിശോധിക്കുകയും നിയമ നിഷേധം നടത്തുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ അവലംബിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ 9 ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ പരാതികളും ആവലാതികളും കേട്ട് പരിഹരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള 12 ക്ഷേമ പദ്ധതികളിൽ സ്ത്രീ തൊഴിലാളികൾക്കും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ബി) 1979-ലെ ഇൻറർ സ്റേറ്റ് മൈഗ്രൻറ് വർക്കുമെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻറ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് പ്രകാരം കേരളത്തിൽ നിന്ന് അന്യ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി ജോലി ചെയ്യിക്കുന്ന സ്ത്രീ തൊഴിലാളികളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന ലേബർ കമ്മീഷണറുടെ ഓഫീസിലെ ജോയിൻറ് ലേബർ കമ്മീഷണർ (ഇ) യെയും എറണാകുളം ജില്ലാ ലേബർ ഓഫീസർ (ഇ) യെയും നോഡൽ ഓഫീസർമാരായി നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവർ

39. [1820] ശ്രീ. വി. വി. രാഘവൻ :
,, കെ ഇ. ഇസ്മയിൽ :
,, പി. രാജു :
,, കെ. പ്രകാശ്ബാബു :
,, സി. കെ. ചന്ദ്രപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയതുമൂലം താൽക്കാലികമായിട്ടും അല്ലാതെയും തൊഴിൽ നഷ്ടപ്പെട്ടവരുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർ ഓരോ ജില്ലയിലും എത്ര വീതമുണ്ടെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly